**കാറ്റിൽ ബ്രീഡിങ്ങ് ഫാം**
**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**തുമ്പൂർമൂഴി, അതിരപ്പിള്ളി റോഡ്, കൊന്നക്കുഴി പി.ഒ,**
**തൃശ്ശൂർ ജില്ല, കേരള – 680 721**
**ഫോൺ: 9188006265 ഇ-മെയിൽ : cbft@kvasu.ac.in**

==========================================================================

നമ്പർ: കെ.വി.എ.എസ്.യു/സിബിഎഫ്/സി/644/18 തിയ്യതി :31.7.2026

## ക്വട്ടേഷൻ/ലേല നോട്ടീസ്

ഈ ഫാമിലെ ഏകദേശം 300 ഓളം വരുന്ന അടയ്ക്കാമരങ്ങളിൽ നിന്നും ക്വട്ടേഷൻ ഉറപ്പിക്കുന്ന തിയ്യതി മുതൽ 31.3.2027 വരെ വിളവെടുക്കുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും സീൽവച്ച ക്വട്ടേഷനുകൾ ക്ഷണിച്ച്കൊള്ളുന്നു. ക്വട്ടേഷനുകൾ തുറക്കുന്നതിന് മുമ്പ് പരസ്യ ലേലം നടത്തുന്നതായിരിക്കും. ക്വട്ടേഷനിലോ/ലേലം ഏതിലാണോ ഉയർന്ന വില രേഖപ്പെടുത്തുന്നത്, ആ വ്യക്തിക്ക് ക്വട്ടേഷൻ ലഭിക്കുന്നതാണ്.

## നിബന്ധനകൾ

1. 13.8.2026 രാവിലെ 11.00 മണി വരെ ക്വട്ടേഷൻ സ്വീകരിക്കുന്നതും അന്നു തന്നെ 11.30 ന് തുറക്കുന്നതുമാണ്.
2. നിരതദ്രവ്യം 200 രൂപ ഓഫീസിൽ അടച്ച് ആയതിന്റെ രശീതി ക്വട്ടേഷനോടപ്പം വയ്ക്കേണ്ടതാണ്.ലേലത്തിൽ പങ്കെടുക്കുന്ന വ്യക്തികളും നിരതദ്രവ്യം അടയ്ക്കേണ്ടതാണ്.
3. ക്വട്ടേഷൻ ഉറപ്പിക്കുന്നതിനും , തിരസ്ക്കരിക്കുന്നതിനും, തിയ്യതി മാറ്റുന്നതിനും ഫാം മേധാവിയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
4. ക്വട്ടേഷൻ/ലേലം ലഭിക്കുന്ന വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റായി 500 രൂപയും സ്വീകരിക്കപ്പെടുന്ന ക്വട്ടേഷൻ/ലേലം പ്രകാരമുള്ള തുകയുടെ മൂന്നിലൊരു ഭാഗവും അന്നേ ദിവസം നേരിട്ടടച്ച് രസീത് വാങ്ങേണ്ടതും ബാക്കിയുള്ള തുക 10 ദിവസത്തിനുള്ളിൽ തീർത്ത് ക്വട്ടേഷൻ ഉറപ്പിക്കേണ്ടതുമാണ്.
5. വിളവെടുപ്പ് നടത്തുന്നതിന് മുമ്പ് സീനിയർ ഫാം സൂപ്പർവൈസറുടെ അനുമതി വാങ്ങിയിരിക്കണം. ഫാം വസ്തുക്കൾക്കോ, വിളകൾക്കോ യാതൊരുവിധ കേടുപ്പാടുകൾ വരുത്തുവാൻ പാടില്ലാത്തതുമാകുന്നു.
6. വിളവെടുക്കുന്ന ദിവസം ലേലം ലഭിച്ച വ്യക്തി/ ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി തന്നെ രസീത് സഹിതം ഹാജരാകേണ്ടതാണ്, മേൽ വ്യക്തിയുടെ സാന്നിദ്ധ്യത്തിൽ പ്രവർത്തി ദിവസങ്ങളിൽ പകൽ 10 നും 5 നും ഇടയിൽ മാത്രമെ വിളവ് ഫാമിൽ നിന്ന് പുറത്ത് കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളു.
7. ക്വട്ടേഷൻ തുറക്കുന്ന സമയത്ത് ക്വട്ടേഷൻ നൽകിയ വ്യക്തി ഹാജരുണ്ടാവണമെന്ന് നിർബന്ധമില്ല.
8. 31.3.2027 വരെ മാത്രമേ വിളവെടുപ്പ് അനുവദിക്കുകയുള്ളു. മറ്റു സർക്കാർ വ്യവസ്ഥകൾ എല്ലാം തന്നെ ഈ ക്വട്ടേഷൻ/ലേലത്തിനും ബാധകമായിരിക്കുന്നതാണ്.

പ്രൊഫസർ & ഹെഡ്

സ്വീകർത്താവ് : നോട്ടീസ് ബോർഡ്/സർവ്വകലാശാല വെബ്സൈറ്റ്/ലോക്കൽ ഗവ. ഓഫീസുകൾ/ സീനിയർ ഫാം സൂപ്പർവൈസർ

PROFESSOR AND HEAD
KVASU-CATTLE BREEDING FARM
THUMBURMUZHI
KONNAKUZHY.P.O PIN 680721

പകർപ്പ് : ഫയൽ/കരുതൽ.

THUMBURMUZHI
PIN 680721
CATTLE BREEDING FARM